(എ) കുട്ടനാടൻ പ്രദേശങ്ങളിലെ ടൂറിസം വികസന സാദ്ധ്യത മുൻനിർത്തി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) കുട്ടനാടൻ മേഖലയിലെ കനാലുകൾ ശുചിയാക്കി കനാൽ ടൂറിസ ശൃംഖല സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) നിരണം പഞ്ചായത്തിലെ തോമത്ത് കടവിന്റെ ചരിത്രപരമായ പ്രാധാന്യം വിലയിരുത്തി പ്രസ്തുത സ്ഥലത്തെ ടൂറിസ്റ്റ് 'മാപ്പിൽ' ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ഉണ്ട്. പ്രധാപ്പെട്ടവ താഴെപ്പറയുന്നവയാണ്.

1. ആലപ്പുഴയിലെ കനാലുകളുടെ നവീകരണം.
2. വട്ടക്കായലിൽ ടൂറിസ്റ്റ് സമുച്ചയത്തിന്റെ നിർമ്മാണം.
3. പള്ളാത്തുരുത്തിയിലും കോതറത്തോടും നെടുമുടിയിലും ഹൗസ ബോട്ട് ടെർമിനലുകൾ.

(സി, ഡി) പരിശോധിക്കാവുന്നതാണ്.

വിദേശികൾ സംസ്ഥാനത്ത് താമസിക്കുമ്പോൾ ചെലവഴിക്കുന്ന ശരാശരി തുക

84(1563) ശ്രീ. കെ. സി.ജോസഫ്:

ശ്രീ. എം. എ. വാഹീദ്:

ശ്രീ. ഇ. എം.അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ). ഒരു വിദേശി സംസ്ഥാനത്ത് വിനോദസഞ്ചാരിയായിയെത്തി ഒരാഴ്ച താമസിക്കുമ്പോൾ സംസ്ഥാനത്തിന് എന്തു തുകയുടെ വരവുണ്ടാകുന്നതായി കണക്കാക്കപ്പെടുന്നു;

(ബി) ഒരു യൂറോപ്പുകാരനും അമേരിക്കക്കാരനും സംസ്ഥാനം സന്ദർശിച്ച് ഒരാഴ്ച താമസിക്കുന്ന പക്ഷം ഒരോരുത്തരും ശരാശരി എന്തു തുക വീതം ഇവിടെ ചെലവഴിക്കാറുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒരു വിദേശി സംസ്ഥാനത്ത് വിനോദസഞ്ചാരിയായി എത്തി ഒരാഴ്ച താമസിക്കുമ്പോൾ സംസ്ഥാനത്തിന് 19,600 രൂപയുടെ വരവുണ്ടാകുന്നതായി കണക്കാക്കപ്പെടുന്നു.

GPM.2/571/2015—15

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒരു വിദേശ സഞ്ചാരി കേരളത്തിൽ ഒരു ദിവസം താമസിക്കുമ്പോൾ ഉദ്ദേശം 2800 രൂപ ചെലവാക്കുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. എന്നാൽ വിദേശവിനോദ സഞ്ചാരികൾ കേരളത്തിൽ ചെലവാക്കുന്ന തുകയുടെ വിവരം രാജ്യങ്ങളുടെ അടിസ്ഥാനത്തിൽ കണക്കാക്കപ്പെട്ടിട്ടില്ല.

കണ്ണൂർ ജില്ലയിലെ ടൂറിസ്റ്റ് കേന്ദ്രങ്ങൾ

85(1564) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ഏതെല്ലാം പ്രദേശങ്ങളാണ് ടൂറിസ്റ്റ് കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളത്;

(ബി) തീർത്ഥാടന കേന്ദ്രമായ പറശ്ശിനിക്കടവിനെ ടൂറിസ്റ്റ് കേന്ദ്രമായി പ്രഖ്യാപിക്കുവാനുള്ള കാലതാമസം എന്തുകൊണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ താഴെപ്പറയുന്ന പ്രദേശങ്ങളാണ് ടൂറിസ്റ്റ് കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളത്.

1. മീൻകുന്ന്
2. മുഴുപ്പിലങ്ങാട്
3. പയ്യാമ്പലം

(ബി) ഓരോ പ്രദേശത്തെയും ടൂറിസം സാധ്യതകൾ വിലയിരുത്തിയതിന് ശേഷമാണ് ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിക്കുന്നത്. പറശ്ശിനിക്കടവിന്റെ ടൂറിസം സാധ്യതകൾ വിലയിരുത്തി വേണ്ട നടപടികൾ ഉടൻ തന്നെ സ്വീകരിക്കുന്നതാണ്.

ടൂറിസം വകുപ്പിലെ മാനേജർ ഗ്രേഡ്-2 തസ്തികയിലെ ഒഴിവുകൾ

86(1565) ശ്രീ. കടവൂർ ശിവദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ടൂറിസം വകുപ്പിൽ മാനേജർ ഗ്രേഡ്-2 തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ബി) മാനേജർ ഗ്രേഡ്-2 തസ്തികയുടെ റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേരെ നിയമിച്ചുവെന്നും എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തുവെന്നും വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly